# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : റ്റി 4213.** **21.07.2015-ലെ മറുപടിക്ക്**

## അന്താരാഷ്ട്ര കരാറുകളും കേരളത്തിലെ കാർഷികരംഗവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ.നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| **(എ)** ഇപ്പോഴത്തെ വിവിധ അന്താരാഷ്ട്ര കരാറുകൾ കേരളത്തിലെ കാർഷികരംഗത്തെ എങ്ങനെ ബാധിച്ചു എന്നത് സംബന്ധിച്ച വിലയിരുത്തലോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; | **(എ)** വിലയിരുത്തലുകളും, പഠനങ്ങളും നടത്തിയിട്ടുണ്ട്. |
| **(ബി)** എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | **(ബി)** ആസിയാൻ- ഇന്ത്യ സ്വതന്ത്രവ്യാപാര കരാർ കേരളത്തിലെ കാർഷികരംഗത്തെ എങ്ങനെ ബാധിയ്ക്കും എന്നത് സംബന്ധിച്ച് കൃഷി വകുപ്പിലെ ഡബ്ല്യു.റ്റി.ഒ. സെൽ, സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസുമായി സഹകരിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനമായും എത്തിച്ചേർന്ന വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.<br>(1) ആസിയാൻ രാജ്യങ്ങളിലും, കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിരീതിയും നിലനിൽക്കുന്നതിനാൽ പ്രസ്തുത കരാർ കേരളത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങൾക്ക് ദോഷകരമാകും എന്ന് വിലയിരുത്തി.<br><br>(2) കേരളത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളായ കാപ്പി, കുരുമുളക്, തേയില എന്നിവയേയും വെളിച്ചെണ്ണയ്ക്ക് ഭീഷണി വരുത്തുന്ന ക്രൂഡ് പാം ഓയിൽ, റിഫൈൻഡ് പാം ഓയിൽ എന്നിവയെ സ്പെഷ്യൽ പ്രോഡക്ട് ലിസ്റ്റിൽപ്പെടുത്തിയതും ഇറക്കുമതി ചുങ്കം കുറയ്ക്കുവാൻ തീരുമാനിച്ചതും കേരളത്തിലെ ഉല്പന്നങ്ങളെ ദോഷകരമായി ബാധിച്ചു. ഇത് |

| | |
|---|---|
| | ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കും.<br><br>(3) ആസിയാൻ രാജ്യങ്ങൾ വിവിധ ഉല്പന്നങ്ങളുടെ നികുതി കുറച്ചത് കേരളത്തിലെ കാർഷിക, ഫിഷറീസ് മേഖലകളിൽ കയറ്റുമതി സാദ്ധ്യതയ്ക്കുള്ള അവസരം നൽകുന്നുണ്ട്. |
| **(സി)** കാർഷിക നയം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡബ്ല്യു.റ്റി.ഒ. സെല്ലിന്റെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | **(സി)** ഡബ്ല്യു.റ്റി.ഒ. സെല്ലിനെ പുനഃസംഘടിപ്പിക്കുവാനും, നിലവിലെ വ്യാപാര പ്രാമുഖ്യമുള്ള സാഹചര്യം കണക്കിലെടുത്ത് വിശാലമായ കാഴ്ചപ്പാടോടെ സംസ്ഥാനത്തെ കൃഷിയുടേയും കാർഷിക ഉല്പന്നങ്ങളുടേയും വ്യാപാര വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കുമായി ഡബ്ല്യു.റ്റി.ഒ. സെല്ലിനെ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ ട്രേഡ് സെൽ എന്ന് പുനർനാമകരണം ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>കാർഷിക വ്യാപാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും കേന്ദ്രസർക്കാരുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഈ സെല്ലിനെ ചുമതലപ്പെടുത്തുന്നതാണ്. |
| **(ഡി)** അഗ്രികൾച്ചർ ട്രേഡ് സംബന്ധിച്ച മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി എപ്പോഴാണ് നിലവിൽ വന്നത്; | **(ഡി)** 14.1.2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രിക്കൾച്ചറൽ ട്രേഡ് രൂപീകരിച്ചിരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള കമ്മിറ്റി നിലവിലില്ല. |
| **(ഇ)** പ്രസ്തുത സമിതി എത്ര യോഗങ്ങളാണ് കൂടിയിരിക്കുന്നത്; അവസാനത്തെ യോഗം കൂടിയത് എന്നാണ്; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ? | **(ഇ)** 14.1.2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിരുന്ന ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രിക്കൾച്ചറൽ ട്രേഡ് മൂന്ന് തവണ കൂടിയതായി ലഭ്യമായ രേഖകളിൽ കാണുന്നു. 29.8.2006-ൽ ആണ് പ്രസ്തുത കമ്മിറ്റി അവസാനമായി (മൂന്നാമത്) കൂടിയത്. ആ യോഗത്തിന്റെ തീരുമാനങ്ങൾ ലഭ്യമല്ല. |

അണ്ടർ സെക്രട്ടറി.